പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3221

16.12.2015-ൽ മറുപടിക്ക്

## ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതികൾക്കായി 2011 മുതൽ എന്തു തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ; | എ) & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു |
| ബി) ഓരോ ബ്ലോക്ക് പഞ്ചായത്തും പ്രസ്തുത കാലയളവിൽ എന്തു തുക ചെലവഴിച്ചുവെന്നും ആയത് പദ്ധതി തുകയുടെ എത്രശതമാനമാണെന്നും വിശദമാക്കാമോ; | |
| സി) ഏറ്റവും കൂടുതലും കുറവും തുകകൾ ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | സി) 2011-12 സാമ്പത്തികവർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തുമാണ്.<br>2012-13 സാമ്പത്തികവർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തുമാണ്. |

201314 സാമ്പത്തികവർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തുമാണ്.

2014-15 സാമ്പത്തികവർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ബ്ലോക്ക് പഞ്ചായത്തുമാണ്.

2015-16 സാമ്പത്തികവർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തുമാണ്.

**ഡി) പദ്ധതി പ്രവർത്തനത്തിനായി അനുവദിച്ച തുക നിശ്ചിത സമയത്തിനകം വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?**

ഡി) പദ്ധതി ആസൂത്രണത്തിനും വിനിയോഗത്തിനുമായി പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഫണ്ടുകൾ തവണകളായി ലഭ്യമാക്കുകയും ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥർക്കു ആവശ്യമായ പരിശീലനവും, ബ്ലോക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം നടത്തി ആവശ്യമായ പരിഹാര നിർദ്ദേശങ്ങളും സമയാസമയങ്ങളിൽ നൽകിയിരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്